T1/25710/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 01.01.2022

**2021 - 2022 അധ്യയന വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് സ്റ്റുഡന്റസ് സ്കീം, ഭിന്നശേഷി വിഭാഗക്കാർക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിന്റെ അവസാന തീയതി 15/01/2022 വരെ ദീർഘിപ്പിച്ചിരിക്കുന്നു.**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - 2021 -2022 അധ്യയന വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ,സെൻട്രൽ സെക്റ്റർ സ്കോളർഷിപ് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസാന തീയ്യതി ദീർഘിപ്പിച്ചത് സംബന്ധിച്ച് .

സൂചന :- നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ( NSP) നിന്ന് 01/01/2022 ൽ ലഭിച്ച വിവരം .

*********

മേൽ സൂചന പ്രകാരം 2021 - 2022 അധ്യയന വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് സ്റ്റുഡന്റസ് സ്കീം, ഭിന്നശേഷി വിഭാഗക്കാർക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, സെൻട്രൽ സെക്റ്റർ സ്കോളർഷിപ് എന്നിവയുടെ അപേക്ഷകൾ വിദ്യാർത്ഥികളിൽ നിന്നും ഓൺലൈനായി സ്വീകരിക്കുന്നതിന്റെ അവസാന തീയതി 15/01/2022 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

ആധാർ കാർഡിലെ തെറ്റുകൾ തിരുത്തിയതിന്റെ ഭാഗമായി ആധാർ കാർഡിൽ വ്യത്യാസങ്ങൾ വന്നിട്ടുള്ള റിന്യൂവൽ അപേക്ഷകർക്കും ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ് .

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റി സ്റ്റുഡന്റസ് സ്കീം ഫ്രഷ് ,റിന്യൂവൽ അപേക്ഷകർക്ക് തൊട്ടു മുൻവർഷത്തെ പരീക്ഷയിൽ 50 % മാർക്ക് നേടിയിരിക്കണമെന്ന വ്യവസ്ഥയിൽ ഈ അധ്യയന വർഷം ഇളവ് നൽകിയിട്ടുണ്ട് .

അപേക്ഷ സമർപ്പിക്കുന്നതിലേക്കായി സംസ്ഥാനത്തെ ബന്ധപ്പെട്ട മുഴുവൻ ഇൻസ്റ്റിട്യൂട്ട് നോഡൽ ഓഫീസർ (INO) മാരും അവരവരുടെ ആധാർ നമ്പർ ഉപായോഗിച്ചു നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (NSP) KYC രജിസ്ട്രേഷൻ എത്രയും വേഗം എടുക്കേണ്ടതാണ്. KYC രജിസ്ട്രേഷൻ എടുക്കാത്ത ഇൻസ്റ്റിട്യൂട്ടുകൾക്കു NSP വഴി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് അപേക്ഷകൾ സമർപ്പിക്കുവാൻ കഴിയില്ല. KYC രജിസ്ട്രേഷൻ അപ്ഡേഷൻ നടത്താൻ ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ, പ്രിൻസിപ്പൽ എന്നിവരുടെ ആധാർ നമ്പർ, പേര്, ജനന തിയതി, ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ, ഇൻസ്റ്റിറ്റ്യൂട്ട് AISHE/UDISE/NCVT കോഡ് സഹിതം താഴെ കൊടുത്തിരിക്കുന്ന ഇ-മെയിൽ ഐ.ഡി വഴി അയക്കാവുന്നതാണ്.

ആയതിനാൽ ഇതുവരെയും അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത ടി സ്കോളര്ഷിപ്പുകൾക്കു അപേക്ഷിക്കുവാൻ അർഹരായ മുഴുവൻ വിദ്യാർത്ഥികളെ കൊണ്ടും എത്രയും വേഗം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അതാതു സ്ഥാപന മേധാവികളും ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ മാരും ഇതിനു വേണ്ട പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. INO വെരിഫിക്കേഷന്റെ അവസാന തീയതിയും 15/01/2022 വരെയാണ്. അപേക്ഷ സമർപ്പണം, KYC രെജിസ്ട്രേഷൻ,സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചിട്ടുണ്ട് .

**വിശദവിവരങ്ങൾക്ക് :-**

**ഇ-മെയിൽ ഐ.ഡി.-** postmatricscholarship@gmail.com

**ഫോൺ നമ്പർ -** 0471- 2306580, 9446096580

Approval Valid

ഒപ്പ്/-

Digitally Approved By
മനോമോഹൻ കെ
Date: 01.01.2022
Reason: Approved

**മനോമോഹന്‍ കെ**
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

പകർപ്പ്:-

1. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ , കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് (www.dcescholarship.kerala.gov.in www.colligiateedu.kerala.gov.in എന്നീ സൈറ്റുകളിൽ പ്രസിദ്ധികരിക്കുന്നതിനു )